# പള്ളികഥകൾ

## മിനികഥകൾ

## പതിനെട്ട്

ജോയിക്കുട്ടി,

ജോസഫ് അച്ചൻ ഒരിക്കൽ നമ്മുടെ നാട്ടിലെ ഒരു വലിയ പള്ളിയിലെ പെരുന്നാൾ സംബന്ധിച്ച കാര്യമാണ് പറയുന്നത്. നമ്മുടെ പല പള്ളികളിലും ചില ചില്ലറ കിറുമുകൾ നടക്കാറുണ്ട്, ചിലയിടത്ത് വലിയ തോതിലും. എന്നാൽ എല്ലാം വളരെ രഹസ്യമായിട്ടാണ് നടക്കാറുള്ളത്. എന്നാൽ പരസ്യമായി കിറുമു നടത്താൻ സഹോദരന്മാർ പരസ്യമായി പ്രലോഭിക്കുന്ന ഒരു സംഭവം; പ്രത്യേകിച്ച് വലിയ ഒരു കുടുംബത്തിലെ പ്രതാപികളായ സഹോദരന്മാർ പ്രേരിപ്പിക്കുന്ന ഒരു സംഭവം ആദ്യമായാണ് കേൾക്കുന്നത്. അതിന്റെ കൗതുക പ്രാധാന്യമോർത്ത് അച്ചൻ പറഞ്ഞത് ഏകദേശം അതുപോലെ തന്നെ ചേർക്കുകയാണ്:

# കിറുമൽ

"അരുവിക്കരയിലെ ശെമ്മാശ്ശോ
അവുത്തേൽ അഞ്ചാറു കിറുമിക്കോ
എങ്ങിനെയാണെന്റച്ചാച്ചോ
ഇവരെല്ലാരും കാണത്തില്ലേ"

ആ ഗ്രാമത്തിലെ ഏറ്റവും വലിയ പള്ളിയാണ് അവിടെയുള്ള ഓത്ത്ഡോക്സ്കാരുടെ പള്ളി. അടുത്ത ഗ്രാമ പ്രദേശങ്ങളിലെയും പള്ളികളിൽ വെച്ച് ഏറ്റവും വലിപ്പം കൂടിയ പള്ളിയാണത്. ആ ഗ്രാമത്തിൽ വളരെ പണക്കാരായ കുറച്ചു കുടുംബക്കാരുണ്ട്. അവരുടെ പണത്തിന്റെ ശക്തി പ്രകടനമാണ് ആ പള്ളിയും അവിടെ നടക്കുന്ന എല്ലാ കാര്യങ്ങളും.

ആ പള്ളിയിൽ എന്തെങ്കിലും കാര്യങ്ങൾ നടന്നാൽ അവിടെയുള്ള എല്ലാ പ്രതാപികളായ പണക്കാരുടെ കുടുംബങ്ങളും അവരുടെ പണക്കൊഴുപ്പിന്റെ ശക്തി എപ്പോഴും പ്രകടിപ്പിച്ചുകൊണ്ടിരുന്നു. ചുരുക്കിപ്പറഞ്ഞാൽ അവിടെയുള്ള പണക്കാരുടെ ശക്തി പ്രകടിപ്പിക്കാനുള്ള ഒരു സാധനമായി ആ പള്ളി തീന്നു എന്നത് ഒരു നഗ്നസത്യം മാത്രമാണ്.

അവിടെയുള്ള പണക്കാരിൽ ഏറ്റവും കൂടുതൽ പ്രാമാണ്യമുള്ള കുടുംബക്കാരാണ് അരുവിക്കരയിലുകാർ. ജേഷ്ഠാനുജന്മാർ എല്ലാം ഗജപോക്രികളുമാണ്. അവരുടെ രാജവാഴ്ചയാണ് പലപ്പോഴും ആ പള്ളിയിൽ മാത്രമല്ല ആ ഗ്രാമത്തിലും നടക്കുന്നതെന്ന് എല്ലാവക്കുമറിയാം. തിരുവായ്ക്കെതിർവായില്ലന്ന പഴമൊഴിപോലെ തന്നെയാണ് അവരുടെ അപ്പനായ അരുവിക്കരയിലെ അവറാച്ചന്റെ കാര്യം.

പള്ളി കീഴടക്കിയേക്കുന്നതുമാത്രമല്ല, ആ ഗ്രാമത്തിലെ ചന്തയും അവരുടെ കയ്യിലാണ് വഷങ്ങളായിട്ട്. വഷാവഷം ലേല സമയമാകുമ്പോൾ എന്തെങ്കിലും കുതന്ത്ര പണികളുപയോഗിച്ച് അവരുടെ കയ്യിലാക്കിയിരിക്കും. അത് അവരുടെ കഴിവാണ്.

അതുപോലെ ആ ഗ്രാമത്തിൽ ആകെയുള്ള കള്ളുഷോപ്പുകളും അവരുടെ കയ്യിലാണ്. അതു മാത്രമല്ല, ചാരായഷാപ്പും, വിദേശമദ്യഷാപ്പും അവരുടെ കയ്യിലാണ്. മറ്റു പണക്കാർ കഴിയുന്ന എല്ലാ പണികളും ചെയ്തിട്ടും അരുവിക്കര കുടുംബക്കാരേ ജയിക്കാനായിട്ട് ആക്കും ഇതുവെരെ സാധിച്ചിട്ടില്ല. അത്രയ്ക്കു ബഹുമിടുക്കരാണവർ.

ഇത്രയും പോക്കിരികളായ സഹോദരന്മാരുടെ ഏറ്റവും കുഞ്ഞനുജൻ, ചെറിയാൻ വളരെ പാവമാണ്. കൂട്ടത്തിലെ സാധു. ചെറുപ്പം മുതലേ പ്രാത്ഥനയിലും ഭക്തിയിലും മാത്രമാണ് അയാളുടെ ശ്രദ്ധ. വളരെ ലളിതമായി വസ്ത്രം ധരിക്കുകയും ഭക്ഷണം കഴിക്കുകയും ചെയ്യുന്ന വ്യക്തിയാണ്. പഠിത്വത്തിൽ വളരെ മിടുക്കനുമായിരുന്നു അയാൾ.

ചെറിയാനെപ്പറ്റി വളരെ കഥകൾ ഉണ്ട്. ചെറിയാൻ വളരെ കുഞ്ഞായിരുന്നപ്പോൾ പള്ളിയിൽ കൊണ്ടു പോയപ്പോൾ കൈമുത്താൻ നേരം അന്ന് അവിടെ ആരാധന നടത്തിയ മെത്രാച്ചന്റെ അംശ വസ്ത്രത്തെ മുറക്കെ പിടിച്ചു. യാതൊരു വിധത്തിലും പിടി വിടത്തില്ലായെന്ന മട്ടായി. മെത്രാച്ചൻ അപ്പോൾ "നിന്നെ മെത്രാച്ചൻ ആക്കിയേക്കാം" എന്നു പറഞ്ഞപ്പോൾ രണ്ടു കൈയ്യും കൂട്ടി കൊട്ടിച്ചിരിച്ച് കൈ വിട്ടു കിട്ടി.

അതുപോലെ മാമ്മൂദീസാ എല്ലാംകഴിഞ്ഞ് തലയിൽ ഒരു കിരീടം വെച്ച് ത്രോണോസ് മുത്താൻ കൊണ്ടുപോയപ്പോൾ ചിത്തോലേൽ കയറി ഒരു പിടിതം പിടിച്ചിട്ട് യാതൊരു വിധത്തിലും പിടി വിടുകയില്ല. അവസാനം മെത്രാച്ചൻ "നിന്നെ മെത്രാച്ചൻ ആക്കാം" എന്നു പറഞ്ഞപ്പോൾ രണ്ടു കൈയ്യും കൂട്ടി കൊട്ടി ചിരിച്ചു. അതിനു ശേഷം തലയിലെ കിരീടം എടുത്തു മാറ്റാൻ ശ്രമിച്ചിട്ട് യാതൊരു വിധത്തിലും സമ്മതിക്കത്തില്ലായിരുന്നു. അവസാനം കിരീടവുമായി പറഞ്ഞു വിട്ടിട്ട് കുഞ്ഞ് ഉറങ്ങികഴിഞ്ഞാണ് അത് എടുക്കാൻ സാധിച്ചതെന്ന് ഐതീഹ്യമുണ്ട്. എന്തായാലും പ്രായമായപ്പോൾ അവനെ സമപ്രായക്കാർ മെത്രാൻ ചെറിയാൻ എന്നു കളിയാക്കി വിളിക്കാൻ തുടങ്ങി. ചില കുട്ടികൾ പരസ്യമായി അങ്ങിനെ അവനെ വിളിച്ചിട്ട് ഓടി പോകുമ്പോൾ തട്ടി മറിഞ്ഞ് വീണ് കാൽമുട്ടുകൾ പൊട്ടി ചോര ഒലിപ്പിച്ചാണ് പോയിട്ടുള്ളതെന്നും കേഴ്‌വിയുണ്ട്. പുരാതന കാലത്ത് തോമ്മാശ്ലീഹായുടെ അടുക്കൽ നിന്ന് പൗരോഹിത്യം കിട്ടിയ കുടുംബങ്ങളിലൊന്നിന്റെ താഴ്‌വേരായതു മൂലവും കൂടാതെ വലിയ പ്രതാപശാലികളുടെ കുടുംബവും പണക്കാരുമായതുകൊണ്ട് മെത്രാനാകാനുള്ള സാദ്ധ്യത ആക്കും തള്ളിക്കളയാനാവില്ല. എന്തായാലും അവൻ ഇതൊന്നും പ്രതീക്ഷയില്ല. കൂടാതെ ആരെന്തു പറഞ്ഞാലും ആരോടും ദേഷ്യപ്പെടാതെ, ആരോടും യാതൊരു വഴക്കുമുണ്ടാക്കാതെ ഒഴിഞ്ഞു മാറിപ്പോവുകയാണ് പതിവ്. പഠിക്കാൻ വളരെ മിടുക്കനുമായതിനാൽ അദ്ധ്യാപകക്കും അവനെ വളരെ കാര്യമായിരുന്നു. ജേഷ്ഠന്മാക്കെല്ലാം കുഞ്ഞനുജൻ ഒരച്ചനോ മെത്രാനോ ആകുന്നതിൽ വലിയ സന്തോഷവുമാണ്.

അഞ്ചു വയസായപ്പോൾ അവനെ ഒന്നാംക്ലാസിൽ പഠിക്കാൻ കൊണ്ടിരുത്തി. അവന്റെ കൂടെ പഠിക്കാനിരുത്തിയ അവന്റെ അതേ പ്രായമുള്ള ഒരു സുന്ദരി പെൺകുട്ടി ക്ലാസിൽ അവന്റെയടുക്കൽ അവനോടു് ചേന്നിരുന്നു. അവൻ മാറി മാറി പോയപ്പോൾ ആ കുട്ടി ക്ലാസിൽ വെച്ച് അവനെ പരസ്യമായി പിടിച്ച് ഉമ്മ കൊടുത്തു. വിവരം പിന്നെ കേട്ടറിഞ്ഞ അദ്ധ്യാപിക ആ പെൺകുട്ടിയെ അടിക്കാൻ പിടിച്ചപ്പോൾ അവൻ തടസ്സം പിടിച്ച് പറഞ്ഞത് "സാറേ, ആ കുട്ടിയെ അടിക്കല്ലേ, അവളുടെ അറിവില്ലായ്മ കൊണ്ടല്ലേ അങ്ങിനെ ചെയ്തത്.

അവസനാനം ചെറിയാൻ ശെമ്മാശ്ശൻ ആയി. ആ വലിയ പള്ളിയിലെ പെരുന്നാൾ ദിവസം ആരാധനയുടെ അവസാനത്തിൽ കൈമുത്താൻ നേരം ആൾക്കാർ പണം ധാരാളമായി ഇടുന്നത് കണ്ട് ചെറിയാൻ ശെമ്മാശ്ശന്റെ ജേഷ്ഠന്മാർ ആ സമയത്തു ചൊല്ലുന്ന പാട്ടിന്റെ ട്യൂണിനൊപ്പിച്ച് പാടിയതും അതിന് ശെമ്മാശ്ശൻ അതെ ട്യൂണിൽ തന്നെ കൊടുത്ത മറുപടിയുമാണ് ഏറ്റവും ആദിയിൽ കൊടുത്തിരിക്കുന്നതെന്നാണ് ജോസഫ് അച്ചൻ പറഞ്ഞു നിത്തിയത്.